**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1079** **12-06-2024 - ൽ മറുപടിയ്ക്ക്**

**കോട്ടൂർ വേട്ടുണ്ടമല റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോവുന്ന കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വേട്ടുണ്ടമല റോഡ് നവീകരിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | വാട്ടർ അതോറിറ്റിക്ക് കൂടി ഉപകാരപ്രദമായ പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടും അനുമതിയില്ലാത്തത് കാരണം പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | റോഡ് നവീകരിക്കുന്നതിന് ഫണ്ട് വാട്ടർ അതോറിറ്റി അനുവദിച്ചിട്ടില്ല. എന്നാൽ കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ ജല ജീവൻ മിഷൻ പദ്ധതിയിലെ JJM കോട്ടൂർ - നടുവണ്ണൂർ പഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു. ഈ പ്രവർത്തിയിൽ 6288 HTC നൽകി, 215 കിലോമീറ്റർ വിതരണ ശൃഖല സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടൂർ പഞ്ചായത്തിൽ നാലാം വാർഡിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി രണ്ടു മാസത്തിനുള്ളിൽ പൂർത്തീകരിയ്ക്കുവാൻ ലക്ഷ്യമിട്ട് പുരോഗമിച്ച് വരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ടാർ ചെയ്യുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. |
| (സി) | പ്രസ്തുത റോഡ് നവീകരിക്കുന്നതിന് അടിയന്തരമായി അനുമതി കൊടുക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | പ്രസ്തുത റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞാൽ ഉടൻ തന്നെ റോഡ് നവീകരണത്തിന് അനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ